**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1292** **11-09-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേ പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 2013 ലെ RFCTLARR ആക്ട് അടിസ്ഥാനമാക്കിയാണ് റവന്യൂ വകുപ്പ് തീരദേശ ഹൈവേ പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നത്. ഇതിനു പുറമെ 10-03-2023 ൽ പ്രത്യേക പുനരധിവാസ പാക്കേജും സർക്കാർ പ്രസ്തുത പദ്ധതിയ്ക്കായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ, പദ്ധതി ബാധിക്കുന്ന എഴുപത് ശതമാനം പേരുടെ അംഗീകാരമുണ്ടെങ്കിലെ പദ്ധതി നടപ്പാക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നുണ്ടോ; | (ബി) | 2013 ലെ RFCTLARR ആക്ട് സെക്ഷൻ 2 (2) (ii) പ്രകാരം Private Public Partnership പദ്ധതികൾക്കാണ് പദ്ധതി ബാധിതരായ 70 ശതമാനം പേരുടെ മുൻകൂർ അനുമതി വേണമെന്ന് നിഷ്കർഷിക്കുന്നത്. തീരദേശ ഹൈവേ പദ്ധതി സംസ്ഥാന സർക്കാരിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ആവശ്യമായി കണക്കാക്കുന്നതിനാൽ മേല്പറഞ്ഞ ചട്ടം തീരദേശ ഹൈവേയ്ക്ക് ബാധകമല്ല. |
| (സി) | തീരദേശ ഹൈവേ പദ്ധതി ബാധിക്കുന്നവരെ ഉൾപ്പെടുത്തി പൊതു ഹിയറിംഗ് നടത്തുകയോ അവരോട് അഭിപ്രായം ആരായുകയോ ചെയ്തിട്ടുണ്ടോ; | (സി) | തീരദേശ ഹൈവേ പദ്ധതിയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കല്ലിടുവാനുള്ള 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള ഇടങ്ങളിൽ ജനപ്രതി നിധികൾ പങ്കെടുത്ത വിശദീകരണ യോഗങ്ങൾ ചേർന്ന് ജനങ്ങൾക്ക് പദ്ധതിയുടെ ഗുണഫലങ്ങൾ വിശദീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ റീഹാബിലിറ്റേഷൻ പ്രവർത്തികൾക്കുള്ള എസ്.പി.വി ആയി നിയോഗിച്ചിട്ടുള്ള തീരദേശ വികസന കോർപറേഷൻ (KSCADC) വീട് വീടാന്തരം സർവ്വേ നടത്തി, പദ്ധതിയെ കുറിച്ച് വിശദീകരിച്ച് ജനങ്ങൾക്ക് പദ്ധതിയെ കുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുന്നുണ്ട്.<br><br>അതിർത്തി കല്ലുകൾ സ്ഥാപിച്ച ഇടങ്ങളിൽ സാമൂഹിക ആഘാത പഠനത്തിൻെറ ഭാഗമായി പബ്ലിക്ക് ഹിയറിംഗ് നടത്തുന്നുണ്ട്. റവന്യൂ വകുപ്പ് 4(1) |

| | | | |
|---|---|---|---|
| | | | നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച ശേഷം സാമൂഹിക ആഘാത പഠനം നടത്തുകയും തുടർന്ന് 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് പബ്ലിക്ക് ഹിയറിംഗ് നടത്തുകയും ചെയ്യും. |
| (ഡി) | ഇല്ലെങ്കിൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളുമായി മുന്നോട്ടു പോകുന്ന നടപടി നിയമപരമാണോ എന്ന് വിശദമാക്കാമോ? | (ഡി) | തീരദേശ ഹൈവേ പദ്ധതിയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കല്ലിടുവാനുള്ള 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള ഇടങ്ങളിൽ ജനപ്രതി നിധികൾ പങ്കെടുത്ത വിശദീകരണ യോഗങ്ങൾ ചേർന്ന് ജനങ്ങൾക്ക് പദ്ധതിയുടെ ഗുണഫലങ്ങൾ വിശദീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ റീഹാബിലിറ്റേഷൻ പ്രവർത്തികൾക്കുള്ള എസ്.പി.വി ആയി നിയോഗിച്ചിട്ടുള്ള തീരദേശ വികസന കോർപറേഷൻ (KSCADC) വീട് വീടാന്തരം സർവ്വേ നടത്തി, പദ്ധതിയെ കുറിച്ച് വിശദീകരിച്ച് ജനങ്ങൾക്ക് പദ്ധതിയെ കുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുന്നുണ്ട്.<br><br>അതിർത്തി കല്ലുകൾ സ്ഥാപിച്ച ഇടങ്ങളിൽ സാമൂഹിക ആഘാത പഠനത്തിൻെറ ഭാഗമായി പബ്ലിക്ക് ഹിയറിംഗ് നടത്തുന്നുണ്ട്. റവന്യൂ വകുപ്പ് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച ശേഷം സാമൂഹിക ആഘാത പഠനം നടത്തുകയും തുടർന്ന് 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് പബ്ലിക്ക് ഹിയറിംഗ് നടത്തുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ